**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2053

18.07.2016-ൽ മറുപടിയ്ക്ക്

**ഏനംമാവ് ക്രിസ്ത്യൻ പള്ളിയുടെ സമീപത്തുള്ള റോഡിന് വീതികൂട്ടാൻ നടപടി**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മണലൂർ മണ്ഡലത്തിലെ ചാവക്കാട് ഏനംമാവ് റോഡിൽ ഏനംമാവ് ക്രിസ്ത്യൻ പള്ളിയുടെ മുമ്പിലെ റോഡ് വളരെ വീതി കുറഞ്ഞതാണെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു മൂലമുണ്ടാകുന്ന ഗതാഗത തടസ്സം ഇല്ലാതാക്കുന്നതിനായി ആവശ്യമായ ഭൂമി ഏറ്റെടുത്ത് റോഡിന് വീതി കൂട്ടാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഏനമാവ് പള്ളിക്ക് സമീപത്ത് കൂടിയുള്ള തൂപ്പയാർ കാഞ്ഞാണി ചാവക്കാട് റോഡ് വികസനത്തിനും, പുനഃരുദ്ധാരണത്തിനു മായി 23.02.2015-ലെ സ.ഉ. (സാധാ) നം. 278/2015/പൊ.മ.വ പ്രകാരം 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 19.11.2015-ലെ സ.ഉ. (സാധാ) നം. 1693/2015/പൊ.മ.വ പ്രകാരം 52,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറക്റ്റ് പർച്ചേസ് മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ